**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **10-06-2024 - ൽ മറുപടിയ്ക്ക്**

**കാപ്പ നിയമം ഫലപ്രദമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമങ്ങൾ രൂക്ഷമായ സാഹചര്യത്തിൽ കേരള പോലീസിന്റെ കാപ്പ സെൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിൽ ചില മാധ്യമ പ്രചരണങ്ങൾ ബോധപൂർവ്വം ചിലർ സംഘടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാപ്പ ചുമത്തി നാടുകടത്തിയ ഗുണ്ടകളെ നിരീക്ഷിക്കുവാനും അവർ സ്വന്തം ജില്ലയിൽ കടക്കുന്നില്ലെന്ന് ഉറപ്പാക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കാപ്പ ചുമത്തി നാട്ടു കടത്തപ്പെടുന്ന പ്രതി ആ കാലയളവിൽ താമസിയ്ക്കുന്ന സ്ഥലത്തിന്റെ അഡ്രസ്സ് ശേഖരിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ച് നിരീക്ഷിച്ചുവരുന്നു. ഇതോടൊപ്പം ഇവരുടെ സഞ്ചലനവും നിരീക്ഷിച്ചുവരുന്നുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഫീൽഡ് ഓഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തി കാപ്പ ചുമത്തി നാട്ടു കടത്തിയ ഗുണ്ടകളെ നിരീക്ഷിക്കുകയും അവർ സ്വന്തം ജില്ലയിൽ കടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഇത് ലംഘിക്കുന്നവരെ കണ്ടെത്തിയാൽ കർശന നിയമ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് കാപ്പ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പൊതുജന സമാധാനം തകർക്കുന്ന പ്രതിയുടെ മുൻകാല കുറ്റകൃത്യങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങളും വ്യക്തി വിവരങ്ങളും, ഫിംഗർ പ്രിൻറ്, ഫോട്ടോ, ഫോൺ നമ്പർ എന്നിവയും ശേഖരിച്ച് ടിയാനെതിരെ കാപ്പ നിയമ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടാലുടൻ കാപ്പ നിയമത്തിലെ ഉചിതമായ വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിമാർ ശിപാർശകൾ നൽകി വരുന്നു. കൂടാതെ ഇവർക്കെതിരെ CrPC നിയമത്തിലെ 107, 109, 110 വകുപ്പുകൾ പ്രകാരം റിപ്പോർട്ട് തയ്യാറാക്കി സമാധാനത്തിനുള്ള ബോണ്ട് വയ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും റൗഡി ഹിസ്റ്ററി ഷീറ്റ് ആരംഭിച്ച് സ്ഥിരമായി നിരീക്ഷണം നടത്തി വരികയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്. ജില്ലാ പോലീസ് മേധാവിമാർ സമർപ്പിയ്ക്കുന്ന ശിപാർശകളിന്മേൽ, അധികാരപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥർ സഞ്ചലന നിയന്ത്രണ നടപടികളും അതാത് ജില്ലാകളക്ടർമാർ കരുതൽ തടങ്കൽ നടപടികളും സ്വീകരിക്കുന്നു. കാപ്പ നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം നിക്ഷിപ്തമായിട്ടുള്ള മറ്റ് തുടർ നടപടികൾ സർക്കാരും സമയബന്ധിതമായി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ